**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും ധനസഹായ പദ്ധതികളോ/മറ്റു പദ്ധതികളോ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിന് ഓവർസീസ് സ്കോളർഷിപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ബിരുദപഠനത്തിന് 50% മാർക്കിന് മുകളിലുള്ളതും, 35 വയസിന് താഴെയുള്ളതും, IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡ് ഉള്ളതും, വിദേശ സർവ്വകലാശാലകളിൽ നിന്നും ഓഫർ ലറ്റർ ലഭിച്ചിട്ടുള്ളതുമായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. വിമാനയാത്രാകൂലി, മെഡിക്കൽ ഇൻഷ്വറൻസ്, ട്യൂഷൻ ഫീ, ഹോസ്റ്റൽ ഫീ, ലിവിങ്ങ് എക്സ്പെൻസസ്, വിസ ചാർജ് എന്നിവക്കായി പരമാവധി 25ലക്ഷം രൂപ അനുവദിക്കുന്നു. സയൻസ്, എം.ബി.എ, എഞ്ചിനിയറിംഗ്, മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ്, അപ്ലൈഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ വിഷയങ്ങളിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ, എം.ഫിലിന് തുല്യമായവ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. TIMESന്റെ ലോകറാങ്കിന്റെ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ആകുന്നവർക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സ് ചെയ്യുന്നതിന് മാത്രമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ